**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3094** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലെ പ്രമോഷൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രമോഷന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രമോഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | **ഒന്നാംഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിലേക്കുള്ള പ്രൊമോഷൻ വിഷയവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന കോടതി കേസുകൾ തീർപ്പായ സാഹചര്യത്തിൽ പ്രൊമോഷൻ നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത വകുപ്പിൽ ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രമോഷൻ മുടങ്ങിയതിന് ആധാരമായ നമ്പർ ഒ.എ.965/2021 പ്രകാരമുള്ള കേസിന്റെ നിജസ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത കേസ് നിലവിൽ വന്നതിന് ശേഷം ഇതുവരെ പ്രമോഷൻ നൽകാൻ കഴിയാത്ത എത്ര തസ്തികകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (ബി) | **ഒ.എ 965/2021 എന്ന കേസ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 06/12/2023-ലെ ഉത്തരവിലൂടെ തീർപ്പാക്കിയിട്ടുണ്ട്.**<br>**കേസ് നിലവിൽ വന്നതിനുശേഷം അസിസ്റ്റന്റ് എഞ്ചിനിയർ സിവിൽ തസ്തികയിൽ ആകെ 131 ഒഴിവുകൾ (01/02/2024 പ്രാബല്യം) നിലവിലുണ്ട്.** |
| (സി) | രണ്ടും മൂന്നും ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും യഥാക്രമം ഒന്നും രണ്ടും ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് ഉടൻ പ്രമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | **ഇല്ല** |

സെക്ഷൻ ഓഫീസർ